പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5605 24.05. 2017 - ൽ മറുപടിയ്ക്ക്

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.കെ.ബഷീർ : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) സംസ്ഥാനത്ത് ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പുതിയ ശാഖകൾ എവിടെയെല്ലാമാണ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പ്പറയുന്ന സ്ഥലങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി തുടങ്ങുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ച് വരുന്നു. |

| ക്രമ നം. | ഫാർമസി ആരംഭിക്കുന്ന സ്ഥലം | ജില്ല |
|---|---|---|
| 1 | മണ്ണാർക്കാട് താലൂക്ക് ആശുപത്രി | പാലക്കാട് |
| 2 | പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി | കൊല്ലം |
| 3 | രാമറാവു മെമ്മോറിയൽ ആശുപത്രി, നെടുങ്കോലം | കൊല്ലം |
| 4 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് | കണ്ണൂർ |
| 5 | പാനൂർ സാമൂഹികാരോഗ്യകേന്ദ്രം | കണ്ണൂർ |
| 6 | കല്പറ്റ ജനറൽ ആശുപത്രി | വയനാട് |
| 7 | വൈക്കം താലൂക്ക് ആശുപത്രി | കോട്ടയം |
| 8 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി | കോഴിക്കോട് |

(ബി) തിരുവനന്തപുരം ജില്ലയിൽ മാത്രമായി ആരംഭിച്ച ഫാമിലി മെഡിസിൻ കാർഡ് (പ്രീപെയ്ഡ് കാർഡ്) സംവിധാനം ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത കാർഡ് സംവിധാനം മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഉണ്ട്. സാധ്യതാ പഠനം നടത്തിയതിനു ശേഷം മറ്റു ജില്ലകളിലേക്കു കൂടി പരിഗണിക്കാവുന്നതാണ്.

(സി) നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നത് ; വിശദമാക്കുമോ?

(സി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ ബ്രാൻഡഡ്/ ജനറിക് മരുന്നുകൾ മിതമായ നിരക്കിൽ നൽകി വരുന്നു. കൂടാതെ താഴെപ്പറയുന്ന കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളിലൂടെ മരുന്നുകൾ സൗജന്യമായി രോഗികൾക്ക് വിതരണം നടത്തി വരുന്നു.

1. കാരുണ്യ ബെനവലന്റ് ഫണ്ട്
2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
3. ആർ.എസ്.ബി.വൈ.
4. ആർ.ബി.എസ്.കെ.
5. ആരോഗ്യകിരണം
6. ജെ.എസ്.എസ്.കെ.
7. സുകൃതം
8. താലോലം
9. എസ്.റ്റി.ഹെൽത്ത് ഇൻഷ്വറൻസ്
10. ഹീമോഫീലിയ
11. എൻഡോസൾഫാൻ
12. ക്യാൻസർ സുരക്ഷ
13. സ്നേഹസാന്ത്വനം.

സെക്ഷൻ ഓഫീസർ